നാഷണൽ ഹൈവേയിൽ നിർമ്മിക്കുന്ന ബൈപ്പാസുകൾ

11 (*131) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാഷണൽ ഹൈവേയിൽ എത്ര ബൈപ്പാസുകളാണ് നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര എണ്ണത്തിന്റെ പണി പൂർത്തിയായിരിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇനിയും പൂർത്തിയാകാത്ത ബൈപ്പാസുകൾ ഏതെല്ലാം ;

(ഡി) ഇവയുടെ പണി പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ-ഡി) സംസ്ഥാനത്ത് നാഷണൽ ഹൈവേകളിൽ നിർമ്മിക്കാൻ തീരുമാനിച്ച 12 ബൈപ്പാസുകളിൽ വടകര, പാലക്കാട്, ചാലക്കുടി, തൃശ്ശൂർ, ആലുവ, കൊച്ചി എന്നിവ മുമ്പേതന്നെ പൂർത്തിയാക്കപ്പെട്ടിരുന്നു. ആലപ്പുഴ ബൈപ്പാസ് നിർമ്മാണം പൂർത്തിയാക്കാനുള്ള അനുമതി ലഭിച്ചു കഴിഞ്ഞു. കോഴിക്കോട് ബൈപ്പാസിന്റെ ഒരു ഘട്ടം കൂടി പണിയുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട് തിരുവനന്തപുരം നെയ്യാറ്റിൻകര ബൈപ്പാസ് പണി നടന്നുകൊണ്ടിരിക്കുന്നു. തലശ്ശേരി, കൊയിലാണ്ടി എന്നിവയുടെ സ്ഥലമെടുപ്പ് നടന്നു വരുന്നു. കൊല്ലം ബൈപ്പാസിന്റെ പണിക്കുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

നഗരപാതകളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സംവിധാനം

12 (*132) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരക്കേറിയ നഗരപാതകളിൽ നടത്തുന്ന നിർമ്മാണ/പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ അവ നടപ്പിലാക്കുന്നതും വിലയിരുത്തുന്നതും ഏത് ഡിപ്പാർട്ടുമെന്റാണ് ;

(സി) പി. ഡബ്ല്യൂ. ഡി. പാതകൾ വിവിധ ആവശ്യങ്ങൾക്കായി ഗവൺമെന്റ് ഏജൻസികളും സ്വകാര്യ സംരംഭകരും പലപ്പോഴായി വെട്ടിമുറിക്കുന്നത് ഒഴിവാക്കാൻ പൊതുധാരണയും ഏകോപിത സംവിധാനവും ഏർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly